# പതിനാലാം കേരള നിയമസഭ
# (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:5414** **26.03.2018-ൽ മറുപടിയ്ക്ക്**

## റോഡുകൾ നവീകരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.അബ്ദു റബ്ബ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) ഈ സർക്കാർ വന്ന ശേഷം സംസ്ഥാനത്ത് തീരദേശ വാർഡുകളില്ലാത്ത ഏതെല്ലാം മണ്ഡലങ്ങളിലെ റോഡുകൾ നവീകരിക്കുന്നതിനാണ് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ഭരണാനുമതി നൽകിയത്; വ്യക്തമാക്കാമോ; | എ) & ബി) തീരദേശ റോഡുകളുടെ നിർവ്വചനത്തിൽ ഉൾപ്പെടുന്ന റോഡുകളാണ് ഹാർബർ എൻജിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തൽ ശീർഷകത്തിൽ ഉൾപ്പെടുത്തി നിർമ്മിച്ചു വരുന്നത്. ടി നിർവ്വചന പ്രകാരം തീരദേശ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികളിലേയും, കോർപ്പറേഷനുകളിലെയും തീരദേശ വാർഡുകൾ, ഉൾനാടൻ മത്സ്യത്തൊഴിലാളികൾ പാർക്കുന്ന സ്ഥലങ്ങൾ, ഉൾനാടൻ മത്സ്യഗ്രാമങ്ങൾ, എന്നിവയിലേതെങ്കിലും കൂടി കടന്നുപോകുന്ന റോഡുകളേയും, കായൽ റിസർവ്വോയർ തീരങ്ങൾ, സർക്കാർ വക മത്സ്യം വളർത്തൽ കേന്ദ്രങ്ങൾ എന്നിയിലേക്കുള്ള റോഡുകൾ ഉൾപ്പെടുത്താവുന്നതാണ്. ഈ മാനദണ്ഡം അനുസരിച്ചുള്ള റോഡുകൾക്ക് ആണ് സർക്കാർ ഭരണാനുമതി നൽകുന്നത്. |
| ബി) പ്രസ്തുത ഭരണാനുമതി ലഭിച്ച റോഡുകളുടെ പേര്, അനുവദിച്ച തുക എന്നിവ ഇനം തിരിച്ച് വ്യക്തമാക്കുമോ? | |

**സെക്ഷൻ ആഫീസർ**